LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി സെക്ഷൻ വിഭജനം

14 (399) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവിഷനിൽപ്പെട്ട ചങ്ങനാശ്ശേരി സെക്ഷൻ വിഭജിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെക്ഷൻ വിഭജിച്ച് ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി& സി) പുതിയ സെക്ഷൻ ഓഫീസ് രൂപീകരണത്തിന് നിലവിലുള്ള മാനദണ്ഡമനുസരിച്ച് സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സയമം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയും ചെയ്യേണ്ടതുണ്ട്. നിലവിലുള്ള ചങ്ങനാശ്ശേരി സെക്ഷൻ വിഭജിച്ച് വാഴപ്പള്ളിയിൽ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. 35 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയും 24491 ഉപഭോക്താക്കളുമുള്ള ചങ്ങനാശ്ശേരി സെക്ഷൻ ഓഫീസ് മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കുള്ളിൽ വരാത്തതിനാൽ ടി -സെക്ഷൻ വിഭജനം പരിഗണിക്കാൻ സാധിക്കുകയില്ല.

കെ.എസ്.ഇ.ബി- യിലെ ഒഴിവുകൾ

15 (400) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി. യുടെ വിവിധ ഓഫീസുകളിൽ വിവിധ തസ്തികകളിലായി നിലവിലുള്ള ആകെ ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) ഇവ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?